പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1626 11.08.2017-ലെ മറുപടിക്ക്

## തിരുവനന്തപുരം-ബത്തേരി മിന്നൽ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം.തോമസ് | ശ്രീ. തോമസ് ചാണ്ടി (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദീർഘദൂര യാത്രക്കാരെ ആകർഷിക്കുന്നതിനായി ആരംഭിച്ച തിരുവനന്തപുരം-സുൽത്താൻ ബത്തേരി 'മിന്നൽ' സർവ്വീസിന്റെ പ്രത്യേകതകൾ എന്തെല്ലാം ; | (എ) | സ്റ്റോപ്പുകൾ പരിമിതപ്പെടുത്തി ചാർജ് വർദ്ധനവ് ഇല്ലാതെ സമയക്ലിപ്തത പാലിച്ച് യാത്രക്കാരെ സുരക്ഷിതമായി ലക്ഷ്യസ്ഥാനത്തേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ (Passenger Friendly) ബസുകൾ ഉപയോഗിച്ച് ബൈപ്പാസ് നൈറ്റ് റൈഡറുകളായി മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയതരം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി ആരംഭിച്ചിട്ടുണ്ട്. മിന്നൽ എന്നാൽ അമിത വേഗത എന്നല്ല, മറിച്ച് സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും, സ്റ്റോപ്പുകൾ പരിമിതപ്പെടുത്തിയും ഡിപ്പോകൾ കയറിയിറങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കിയും ബൈപ്പാസുകൾ പ്രയോജനപ്പെടുത്തിയും പരമാവധി നേരത്തെ ലക്ഷ്യസ്ഥാനത്ത് എത്തുക എന്നാണ് ഉദ്ദേശിക്കുന്നത്. കേവലം 6 മണിക്കൂർ കൊണ്ട് ഓടിയെത്താവുന്നതാണ് കേരളത്തിന്റെ തെക്ക്-വടക്ക് ദൂരം. ഗതാഗതകുരുക്കും ദേശീയ പാതയുടെ അപര്യാപ്തതയും വിലങ്ങാകുമ്പോൾ ലഭ്യമായ ബൈപ്പാസുകൾ |

| | | | |
|---|---|---|---|
| | | | പരമാവധി പ്രയോജനപ്പെടുത്തുകയെന്ന പുത്തൻ തന്ത്രമാണ് ഇത്തരം സർവ്വീസുകളിലൂടെ പ്രായോഗികമാക്കുന്നത്. മെച്ചപ്പെട്ട യാത്രാസൗകര്യത്തിനപ്പുറം ആധുനിക GPS സമ്പ്രദായത്തിലൂടെ നടത്തുന്ന ട്രാക്കിംഗും മൊബൈൽ ആപ്പും ഉപയുക്തമാക്കി "സുഖയാത്ര; സുരക്ഷിത യാത്ര" എന്ന ലക്ഷ്യസാക്ഷാത്കാരത്തിലേയ്ക്ക് എത്തുക എന്നതാണ് മിന്നൽ സർവ്വീസുകളുടെ ലക്ഷ്യം. |
| (ബി) | പ്രസ്തുത സർവ്വീസിന് എവിടെയെല്ലാം സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കഴക്കൂട്ടം, കൊല്ലം, ആലപ്പുഴ, എറണാകുളം, അങ്കമാലി (റിക്വസ്റ്റ്), തൃശ്ശൂർ, പെരിന്തൽമണ്ണ, മഞ്ചേരി, അരീക്കോട്, കൽപ്പറ്റ എന്നിവിടങ്ങളിൽ സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | സർവ്വീസിന് മുക്കത്ത് സ്റ്റോപ്പ് അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | മുക്കത്ത് സ്റ്റോപ്പ് അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

[signature]

**സെക്ഷൻ ഓഫീസർ**